**പതിമൂന്നാം കേരളനിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3090 — 13.07.2015 ന് മറുപടിയ്ക്ക്

**കൃഷിരക്ഷാ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള കൃഷി രക്ഷാപദ്ധതിയിൽ ഉൾപ്പെടുത്തി മലയാറ്റൂർ, വാഴച്ചാൽ ഡിവിഷനുകൾക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; | (എ) മിഷൻ 676 പദ്ധതിയിൽപ്പെട്ട കൃഷിരക്ഷാ പദ്ധതിയുടെ നടത്തിപ്പിനായി മലയാറ്റൂർ, വാഴച്ചാൽ എന്നീ ഡിവിഷനുകൾക്ക് 3 ലക്ഷം രൂപ വീതം ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (ബി) ടി തുക ഉപയോഗിച്ച് മലയാറ്റൂർ ഡിവിഷനിലെ കോടനാട് റെയിഞ്ചിൽ സൗരോർജ്ജ വേലികൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികളും വാഴച്ചാൽ ഡിവിഷനിൽ സൗരോർജ്ജ വേലികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികളും നടന്നു വരുന്നു. |
| (സി) ഇത് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ? | (സി) ജൂൺ മാസത്തിൽ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കി സൗരോർജ്ജ വേലികളുടെ നിർമ്മാണം ഉടനടി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ